## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4319 24.10.2016 - ൽ മറുപടിയ്ക്ക്

### വയോജന നയം

ചോദ്യം
ശ്രീ.കെ.കുഞ്ഞിരാമൻ
ശ്രീ.വി. കെ. സി. മമ്മത് കോയ
ശ്രീ. രാജു എബ്രഹാം
ശ്രീ.വി. ജോയി

ഉത്തരം
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും
വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | വയോജനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതോടൊപ്പം അവർ നേരിടുന്ന പ്രശ്നങ്ങളും വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഈ സർക്കാർ വയോജന നയം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ; | (ബി) | മുതിർന്ന പൗരന്മാർക്കു വേണ്ടിയുള്ള സംസ്ഥാന നയം 2013, 6.5.2013 ലെ സ.ഉ(സാധാ) നം.37/2013/സാനീവ പ്രകാരം രൂപീകരിച്ചിട്ടുണ്ട്. അത് പ്രകാരം സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വയോജന നയം നടപ്പിലാക്കുന്നതിന് ആവശ്യമായ കർമ്മപദ്ധതികൾക്ക് വകുപ്പ് രൂപം കൊടുത്തു വരുന്നു. |
| (സി) | ഇവരുടെ ആരോഗ്യ പരിപാലനത്തിനായി പ്രത്യേക സംവിധാനങ്ങളും, സൗജന്യമായോ പരിമിത നിരക്കിലോ ഇൻഷ്വറൻസ് ഏർപ്പെടുത്തി സ്വകാര്യ ആശുപത്രികളിൽ ഉൾപ്പെടെ ചികിത്സാ സൗകര്യവും ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | സാമൂഹ്യ സുരക്ഷാ മിഷൻ വഴി വയോമിത്രം എന്ന പദ്ധതിയും ഭാരതീയ ചികിത്സാ വകുപ്പുമായി ചേർന്ന് വയോ അമൃതം എന്നീ പദ്ധതിയും നടപ്പാക്കി വരുന്നു. സംസ്ഥാനത്തെ 44 മുനിസിപ്പൽ പ്രദേശങ്ങളിൽ താമസിക്കുന്ന 65 വയസ്സ് കഴിഞ്ഞ വയോജനങ്ങൾക്ക് വയോമിത്രം പദ്ധതിയുടെ സേവനം ലഭിക്കുന്നതാണ്. വൃദ്ധജനങ്ങളുടെ ആരോഗ്യ പരിപാലനത്തിനായി ഇൻഷ്വറൻസ് ഏർപ്പെടുത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ